ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും ലഭ്യമായ തുക

168 (480) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ച ശേഷം ഓരോ വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ഈ പദ്ധതിക്കായി എത് തുക വീതമാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭ്യമായ തുകയിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) തുക കേന്ദ്രത്തിൽനിന്നും ലഭ്യമാകാത്ത കാരണം തൊഴിലുറപ്പ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് യഥാസമയം തുക നൽകാൻ കഴിഞ്ഞിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന് എന്ത് പരിഹാരമാണ് നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2008-2009 - 19887.3 ലക്ഷം രൂപ
2009-2010 - 46771.42 ലക്ഷം രൂപ
2010-2011 - 37379.34 ലക്ഷം രൂപ (15-12-2010 വരെ)

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്ത് 1,131.94 കോടി രൂപയുടെ ലേബർ ബഡ്ജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതനുസരിച്ച് ഒന്നാം ഗഡുവായി 235.08 കോടി രൂപ മാത്രമാണ് വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുള്ളത്. കാരണം വ്യക്തമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തുക നേടിയെടുക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി 16-11-2010-ൽ ബഹു. കേന്ദ്രഗ്രാമവികസന പഞ്ചായത്ത് രാജ് മന്ത്രിക്ക് കത്തെഴുതുകയും ഔദ്യോഗിക തലത്തിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പ്രശ്നത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്തുന്നതിനായി കേരള ഹൗസിലെ റസിഡന്റ് കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിനു പുറമേ സംസ്ഥാനം അയച്ചുകൊടുത്ത പ്രൊപ്പോസലുകളുടെ പകർപ്പുമായി ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ ഫണ്ട് റിലീസ് നടപടികൾ ത്വരിതപ്പെടുത്താനായി നിയോഗിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly